പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 216 — 10.10.2011-ൽ മറുപടിയ്ക്ക്

## പാരാമെഡിക്കൽ സ്റ്റാഫിന്റെ അഭാവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം:<br>" എ.എം. ആരിഫ്:<br>" ബി.ഡി. ദേവസ്സി:<br>" ജെയിംസ് മാത്യു: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയിൽ ആവശ്യത്തിന് പാരാമെഡിക്കൽ സ്റ്റാഫില്ലാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓഫ്താൽമിക് അസിസ്റ്റന്റ്, റേഡിയോ ഗ്രാഫർ, എക്സ്റേ ടെക്നീഷ്യൻ, ഇ.സി.ജി / ഇ.ഇ.ജി ടെക്നീഷ്യൻ, സി.എസ്.ആർ ടെക്നീഷ്യൻ, റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ, ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ഡെന്റൽ ഹൈജീനിസ്റ്റ്, അനസ്തീഷ്യ ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ തസ്തികകളിൽ സംസ്ഥാനത്തെ ജനറൽ, താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി സെന്ററുകൾ എന്നിവിടങ്ങളിൽ കാര്യമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ ലാബറട്ടറി ടെക്നീഷ്യൻ തസ്തികയിൽ ചില സ്ഥാപനങ്ങളിൽ സ്ഥിരം ജീവനക്കാരുടെ അഭാവം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും താൽക്കാലിക ജീവനക്കാരെ നിയമിച്ച് പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്താനുള്ള ശ്രമങ്ങൾ ചെയ്തു വരുന്നുണ്ട്. |
| (ബി) പകർച്ചവ്യാധികൾ വർദ്ധിച്ച സാഹചര്യത്തിൽ പാരാമെഡിക്കൽ സ്റ്റാഫിന്റെ ജോലിഭാരം വർദ്ധിച്ചിരിക്കുന്നതിനാൽ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്ന് ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ